**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 499** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. സിദ്ദീഖ്
ശ്രീ. ടി. സിദ്ദീഖ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u> പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനോ പി.എഫ്.ആർ.ഡി.എ. -ക്കോ ധനകാര്യ വകുപ്പ് സെക്രട്ടറി തലത്തിൽ കത്തുകൾ അയച്ചിട്ടില്ല.**

**(ബി)** പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് പഠിച്ച സമിതി നൽകിയ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച മന്ത്രിതല സമിതിയുടെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മറുപടി:</u> സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച എസ്. സതീശ് ചന്ദ്രബാബു അധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി നിയോഗിച്ച മന്ത്രിമാർ ഉൾപ്പെട്ട സമിതി, പെൻഷൻ പദ്ധതിയുടെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം കൂടിയിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**